മിസ്റ്റർ കെ. എസ്സ്. പണിക്കർ: പുസ്തകങ്ങൾ കൊടുക്കയൊ അല്ലെങ്കിൽ ഇന്നയിന്ന പുസ്തകങ്ങളാണ് വേണ്ടതു എന്നു നിശ്ചയിച്ചു് ആ പുസ്തകങ്ങൾ ലൈബ്രറിയിൽനിന്നുതന്നെ വാങ്ങിച്ചു് ബിൽ ഗവൺമെണ്ടിലേക്കു അയക്കയൊ ഏതാണു നല്ലതു്?

ഡോക്ടർ എ. ആർ. മേനോൻ: രണ്ടും ഒരുപോലെയാണ്.

മിസ്റ്റർ പുതൂർ അച്യുതമേനോൻ: ഇപ്പോഴുള്ള പുസ്തകങ്ങൾ കൊടുത്തിട്ടുള്ളതു് ആരാണു്?

ഡോക്ടർ എ. ആർ. മേനോൻ: കമ്മിറ്റിയിൽനിന്നാണു് കൊടുത്തിട്ടുള്ളതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഈ കമ്മിറ്റിയിലെ മെമ്പർമാർ ആരെല്ലാമാണു്?

ഡോക്ടർ എ. ആർ. മേനോൻ: മിസ്റ്റർ ടി. കെ. കൃഷ്ണമേനോൻ, പ്രൊഫസർ ശങ്കരൻനമ്പ്യാർ, മിസ്റ്റർ പി. സി. വക്കി,

മിസ്റ്റർ എ. കെ. വേലുക്കി: ലേഡി മെമ്പർ മുതലായവരാണു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതിനു മുമ്പു് ഗവൺമെണ്ടു അപ്പ്രൂവു് ചെയ്തിട്ടുള്ള പുസ്തകങ്ങളിൽ അവരവക്കാവശ്യമുള്ളതു് അതാതു ലൈബ്രറിക്കാർ തന്നെ വാങ്ങി ബിൽ ഗവൺമെണ്ടിലേക്കയക്കുകയാണു പതിവു്. അങ്ങിനെയാക്കുന്നതിൽ വല്ല വിരോധവുമുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ: അതും ഇതും തമ്മിൽ ഒരു വ്യത്യാസവുമില്ല.

മിസ്റ്റർ വി. കെ. കുട്ടി: ലൈബ്രറിയിൽ ക്ലാസുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ: ഇല്ല.

മിസ്റ്റർ വി. കെ. ഭാസ്കരമേനോൻ: എത്ര കാലമായി ഈ പുസ്തകങ്ങൾ കൊടുത്തിട്ടു്?

ഡോക്ടർ എ. ആർ. മേനോൻ: ഇത്തവണ സ്വല്പം സമയമെടുത്തു. ഇനി സമയം എടുക്കുകയില്ല.

Mr. A. V. Moothedan *(Chalakkudi):* Are these libraries supplied with newspapers?

Dr. A. R. Menon *(Minister for Rural Development):* No. We give only books. They must purchase newspapers out of subscriptions, they raise.

KUTHAMPILLI—ACQUISITION OF LAND FOR A LATRINE—OBJECTION TO

337. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെൻറു് ദയവായി മറുപടി പറയുമോ.—

(എ) കുത്താമ്പിള്ളിയിൽ ഒരു ലാറ്ററിൻ പണിയിക്കുന്നതിനുവേണ്ടി ലാൻറു് അക്വിസിഷൻ റഗുലേഷനിലെ അടിയന്തിര വകുപ്പനുസരിച്ചു് അക്വയർ ചെയ്ത സ്ഥലത്തു് ലാറ്ററിൻ പണിയിച്ചുവോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ അതു പണിയാതിരിക്കുവാനുള്ള പ്രത്യേക കാരണങ്ങൾ എന്തെല്ലാം ;

(സി) ആ സ്ഥലം അകപ്പയർ ചെയ്യുന്നതിനു് എത്ര സംഖ്യ ചിലവായിട്ടുണ്ടു് ;

(ഡി) ഈ ലാറ്ററിൻ പണികഴിപ്പിക്കുന്നതു സംബന്ധിച്ചു് സ്ഥലം പഞ്ചായത്തിന്റെ അഭിപ്രായമെന്തു് ;

(ഇ) ഇതു പണിയിക്കരുതെന്നു് ആക്ഷേപം ആരുടേതായിരുന്നു ;

(എഫ്) ഈ ലാറ്ററിൻ പണിയിക്കുന്നതിൽ ആക്ഷേപിച്ചു കോടതിക്കു വേണ്ടി മന്ത്രിയവർകളുടെ മുമ്പാകെ ഹാജരായ വക്കീൽ ആരാണു് ;

(ജി) എന്നാണു് അകപ്പിസിഷൻ നടത്തിയതു് ;

(എച്ച്) ഈ ലാറ്ററിൻ പണിക്കുവേണ്ടി നിർദ്ദേശിച്ചിരുന്ന സംഖ്യ ഏതിനു വിനിയോഗിച്ചു ?

ഡോക്ടർ എ. ആർ. മേനോൻ :

(എ) സ്ഥലം അകപ്പയർ ചെയ്തിട്ടില്ല.

(ബി) നാട്ടുകാരുടെ ആക്ഷേപം കാരണം.

(സി) (എ) ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

(ഡി) സ്ഥലം പഞ്ചായത്തു് യാതൊരഭിപ്രായവും പറഞ്ഞിട്ടില്ല.

(ഇ) നാട്ടുകാരുടെ.

(എഫ്) ഒരു വക്കീലും ഹാജരായില്ല.

(ജി) (എ) ചോദ്യത്തിനുള്ള ഉത്തരം നോക്കുക.

(എച്ച്) കുത്താമ്പിള്ളി പുഴക്കടവിന്റെ മതിൽ ഉയർത്തുവാനും കുത്താമ്പിള്ളിയിലുള്ള വഴികൂടി നന്നാക്കുവാനും.

PANCHAYAT ROADS—ALLOTMENT FOR MAINTENANCE—DISTRIBUTION OF

338. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ദയവായി മറുപടി പറയുമോ.—

(എ) ഓരോ പഞ്ചായത്തിലേക്കു് ഫിറ കെ. വീതം വർഷം പഞ്ചായത്തുകളിലേക്കു് ഫെ,നൂറു കെ. ബഡ്ജറ്റിൽ നീക്കിവെച്ചിട്ടുള്ളതു് അതാതു പഞ്ചായത്തിലേക്കു ജനങ്ങൾക്കാവശ്യമായതും എന്നാൽ ഉപയോഗശൂന്യമായി കിടക്കുന്നതുമായ പഞ്ചായത്തുവഴികൂടി നന്നാക്കിക്കുന്നതിനു വേണ്ടിയല്ലേ;

(ബി) ഈ വർഷം പഞ്ചായത്തിലേക്കും ഫിറ കെ. വീതം തന്നെയാണോ അനുവദിച്ചു കൊടുത്തിരിക്കുന്നതു് ;

(സി) ഏതെങ്കിലും പഞ്ചായത്തിലേക്കു കൊടുക്കാത്തതുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം പഞ്ചായത്തിലേക്കാണു് കൊടുക്കാത്തതു് ;

(ഡി) ഈ സംഖ്യയിൽ നിന്നു ഏതെങ്കിലും പുതിയ വഴിവെട്ടിക്കുന്നതിനു് വല്ല സംഖ്യയും എടുക്കുവാനുദ്ദേശിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അതു് ഏതു പഞ്ചായത്തിലെ ഏതു പുതിയ വഴി ഉണ്ടാക്കുന്നതിനു്?

LIBRARY ARCHIVES Kerala Legislative Assembly